LIBRARY ARCHIVES Kerala Legislative Assembly

(3) പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് പ്രായപരിധി കുറയ്ക്കാനുള്ള നീക്കം

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, 45 ലക്ഷത്തോളംവരുന്ന തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവജനങ്ങളുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിലെ പ്രധാനപ്പെട്ട തൊഴിൽ ദാതാവ് ഗവൺമെന്റാണ്. സർവ്വീസ് മേഖലയിൽ നിന്ന് സർക്കാർ പിൻവലിയുന്നതിന്റെ ഭാഗമായും സർക്കാർ തലവന്മാർ കൃത്യമായി വിവരം കൊടുക്കാത്തതിന്റെ ഭാഗമായും പി.എസ്.സി. വഴിയുള്ള നിയമനം ത്വരിതഗതിയിൽ നടക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെൻഷൻപ്രായം 58 വയസ്സാക്കി ഉയർത്തുമെന്ന് ഒരു പ്രചരണം വന്നിരുന്നു. ഇപ്പോൾ പി.എസ്.സി. നിയമനത്തിന് അപേക്ഷിക്കുവാനുള്ള പ്രായപരിധി കുറയ്ക്കുമെന്ന് ഒരു ശക്തമായ പ്രചരണം നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. 35 വയസ് എന്നത് 30 വയസ്സാക്കി കുറച്ചാൽ കേരളത്തിലെ സർക്കാർ സർവ്വീസിൽ ജോലി ലഭിക്കുവാൻ സാധ്യതയുള്ള ലക്ഷക്കണക്കിന് യുവജനങ്ങളെ ഇത് ബാധിക്കുമെന്നുള്ള വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, 1997-ൽ അന്നത്തെ മുഖ്യമന്ത്രി ചെയർമാനായിട്ട് രൂപീകരിച്ച ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ ഒമ്പതാമത് റിപ്പോർട്ടിലാണ് നിലവിലുള്ള ഉയർന്ന പ്രായപരിധി ഘട്ടംഘട്ടമായി അഞ്ചുവർഷം കുറയ്ക്കുവാൻ ശുപാർശ ചെയ്തത്. ഈ സർക്കാർ അല്ല. പഴയ സർക്കാരാണ്. ഈ ശുപാർശയിന്മേൽ ഇപ്പോഴത്തെ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് ആശങ്കയുണ്ടാക്കുന്ന ഒരു വിഷയമായതിനാൽ വിശദമായ ചർച്ചകൾ നടത്തി ഗുണദോഷങ്ങൾ വിലയിരുത്തിയശേഷം മാത്രമേ ഈ കാര്യത്തിൽ തീരുമാനം കൈവരിക്കുകയുള്ളൂ. ഒമ്പതാമത് റിപ്പോർട്ടിലെ ശുപാർശകളെക്കുറിച്ച് സെക്രട്ടേറിയറ്റ് സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രായപരിധി കുറയ്ക്കേണ്ടതില്ലെന്നാണ് ഇതിനെക്കുറിച്ച് പഠിച്ച ഇപ്പോഴത്തെ ഗവൺമെന്റിന്റെ മന്ത്രിസഭാ ഉപസമിതി ശുപാർശ ചെയ്തിട്ടുള്ളത്. സത്യം അറിയാതെയാണ് അങ്ങ് ഞങ്ങളെ കുറ്റപ്പെടുത്തുന്നത്. നിങ്ങളുടെ പാർട്ടി ഭരിച്ചപ്പോഴുണ്ടായ ശുപാർശയാണ് ; ഞങ്ങൾ അത് അംഗീകരിച്ചിട്ടില്ല.

(4) ചെറുകിട ജലസേചന പദ്ധതികൾക്ക് നടപ്പുവർഷത്തെ ബഡ്ജറ്റിൽ തുക അനുവദിക്കണമെന്ന ആവശ്യം

ശ്രീ. എം. എ. ചന്ദ്രശേഖരൻ : സർ, കേരളത്തിലെ കർഷകർ പ്രധാനമായും ചെറുകിട ജലസേചന പദ്ധതികളാണ് ജലസേചനത്തിനായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. ഇന്ന് എന്റെ മണ്ഡലത്തിലെ മേക്കാവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉൾപ്പെടെ പണിനടക്കുന്നതും നടക്കാനുള്ളതുമായ 100 കണക്കിനു ചെറുകിട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പ്രതിസന്ധിയിലേക്ക് പോവുകയാണ്. ബഡ്ജറ്റിൽ ഇന്ന് ഇതിന് പ്രൊവിഷനില്ല. അതുകൊണ്ട് അടിയന്തരമായി ഈ കാര്യത്തിൽ പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.